# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.509 - 02/12/2014 - ലെ മറുപടിക്ക്

## സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള കേന്ദ്ര പദ്ധതികൾ

| ചോദ്യം<br>ശ്രീ. എം.എ.ബേബി | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഗവൺമെന്റ് ഓഫ് ഇന്ത്യ 2014-15 ലെ സംസ്ഥാന ബഡ്ജറ്റിലൂടെ ചെലവഴിക്കാനുള്ള നിർദ്ദേശത്തോടെ ഏതെല്ലാം പദ്ധതികളുടെ എന്തു തുക വീതം സംസ്ഥാനത്തിന് റിലീസ് ചെയ്ത് തന്നിട്ടുണ്ട്, കേന്ദ്രപദ്ധതിയും തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ, | 2014-15 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ് മാസം വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി റിലീസ് ചെയ്ത തുകയുടെ വിശദാംശം അനുബന്ധം 'എ' യിൽ ചേർക്കുന്നു. |
| (ബി) ഇപ്രകാരം ലഭിച്ച മൊത്തം തുകയിൽ സംസ്ഥാന ഗവൺമെന്റ് ഇതിനകം ചെലവഴിച്ച തുക എത്ര, അവശേഷിച്ച തുക എത്ര, | താല്കാലിക കണക്ക് പ്രകാരം (27.11.2014 വരെ) 739.87 കോടിരൂപ ചെലവഴിച്ചിട്ടുള്ളതും, 1993.66 കോടിരൂപ അവശേഷിക്കുന്നതുമാകുന്നു. |
| (സി) സംസ്ഥാനത്തിന് റിലീസ് ചെയ്തു തന്നിട്ടുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ, | സംസ്ഥാനത്തിന് റിലീസ് ചെയ്തു തന്നിട്ടുള്ള തുകയിൽ സംസ്ഥാനം നാളിതുവരെ ഒന്നും ചെലവ് ചെയ്തിട്ടില്ലാത്ത പദ്ധതികളും തുകകളും സംബന്ധിച്ച വിശദാംശം അനുബന്ധം 'ബി' യിൽ ചേർക്കുന്നു. |
| (ഡി) സംസ്ഥാന ബജറ്റിലൂടെ അതേ ഉദ്ദേശത്തിന് തന്നാണ്ടിൽ തന്നെ പണം ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് ലാപ്സാകുമോ, | ഇല്ല |
| (ഇ) കേന്ദ്രം നൽകിയ പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം വക മാറ്റി ചെലവഴിക്കുകയുണ്ടായിട്ടുണ്ടോ, വിശദമാക്കാമോ ? | ഇല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്